പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5963 28.03.2018 ൽ മറുപടിയ്ക്ക്

സപ്ലൈകോയുടെ പ്രവർത്തനം വിപുലപ്പെടുത്താനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ സപ്ലൈകോയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി 21 മാവേലി സ്റ്റോറുകളും 3 സൂപ്പർ മാർക്കറ്റുകളും പുതിയതായി ആരംഭിക്കുകയും, 11 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ 200 കോടി രൂപ വീതം സപ്ലൈകോയ്ക്ക് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുമുണ്ട്. |
| (ബി) സപ്ലൈകോയുടെ സേവനം കൂടുതൽ ജനങ്ങളിലേയ്ക്കെത്തിക്കുവാൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ആലോചിക്കുന്നതെന്ന് അറിയിക്കുമോ;<br><br>(സി) കൂടുതൽ മികവാർന്ന സേവനം സപ്ലൈകോ മാർക്കറ്റുകളിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) യും (സി) യും സപ്ലൈകോയുടെ വില്പന ശാലകളിൽ എത്തുന്ന ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ 100 സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ പുതിയ റാക്കുകൾ, നവീകരിച്ച ടോയ്‌ലറ്റുകൾ, സി.സി.ടി.വി സൗകര്യങ്ങൾ എന്നിവ സ്ഥാപിച്ച് നവീകരണം നടത്തുന്നതിനും വിപണന സാധ്യതയും സ്റ്റോറേജ് സൗകര്യവും പരിഗണിച്ച് സാധാരണ മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റ് ശ്രേണിയിലേക്ക് ഉയർത്തുന്നതിനും ഉപഭോക്താക്കൾക്ക് ആവശ്യമുള്ള നോൺമാവേലി (FMCG) സാധനങ്ങൾ സ്വയം തെരഞ്ഞെടുക്കുന്നതിനുള്ള പരമാവധി സംവിധാനം ഏർപ്പെടുത്തുന്നതിനും സ്വകാര്യ കമ്പനികളുമായി ചേർന്ന് ഡിസ്കൗണ്ട് കൂപ്പണുകൾ, ഗിഫ്റ്റ് വൗച്ചറുകൾ, സമ്മാന കൂപ്പണുകൾ എന്നിവ നൽകുന്നതിനും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ